**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2776</u>** **<u>13-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>കാസർഗോഡ് ജില്ലയിൽ പൂട്ടികിടന്ന പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാൻ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ പൂട്ടികിടന്ന പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ പൂട്ടികിടന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് എന്ന കമ്പനി കേരള സർക്കാർ ഏറ്റെടുത്തു പുനരുദ്ധാരണം നടത്തി കെൽ ഇലക്ട്രിക്കൽ മെഷീൻസ് എന്ന പേരിൽ ആരംഭിച്ചു. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 20 കോടി രൂപ സർക്കാർ അനുവദിക്കുകയുണ്ടായി. കൂടുതൽ ധനസഹായം നൽകി കമ്പനിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ തുടരുന്നു. |
| (ബി) | നിലവിൽ ജില്ലയിൽ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിന്റെ ഭൂമി ഉപയോഗിക്കാതെ കിടക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | കാസർഗോഡ് ബീച്ച് റോഡിൽ മുൻപ് പ്രവർത്തിച്ചിരുന്ന ആസ്ട്രൽ വാച്ചസ് കമ്പനി 2002-ൽ പ്രവർത്തനം നിർത്തലാക്കിയിരുന്നു. പ്രവർത്തനം നിർത്തലാക്കിയ സമയത്ത് 88 ജീവനക്കാർ ഈ സ്ഥാപനത്തിലുണ്ടായിരുന്നു. ജീവനക്കാർക്കെല്ലാം അന്ന് നിലവിലുണ്ടായിരുന്ന സ്വയം വിരമിക്കൽ പദ്ധതിപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. സ്ഥലവും കെട്ടിടങ്ങളും മറ്റ് ആസ്തികളും വ്യാവസായിക വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുവാൻ കെ.എസ്.ഐ.ഡി.സി യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.<br><br>കാസർഗോഡ് KSIDC യുടെ കീഴിലുള്ള 1.99 ഏക്കർ ഭൂമിയിൽ ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഒരു മാതൃക വ്യവസായ സമുച്ചയ കെട്ടിടം നിർമിക്കുന്നതിനുള്ള നടപടികൾ നടന്നു വരുകയാണ്. ഭക്ഷ്യ കാർഷിക ഉത്പന്നങ്ങളുടെ മൂല്യ വർധനവും പാക്കിങ്ങും മറ്റു വ്യവസായങ്ങൾ, സംരംഭങ്ങൾ തുടങ്ങുന്നതിനു അനുയോജ്യമായിട്ടാണ് കെട്ടിടം രൂപ കല്പന ചെയ്യുന്നത്. പ്രസ്തുത ഭൂമിയിൽ ചുറ്റുമതിലിന്റെ നിർമാണം പൂർത്തിയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ നടത്തിപ്പിനായി കിറ്റ്കോയെ പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ് ആയി നിയമിച്ചിട്ടുണ്ട്. നിലവിൽ ടോപ്പോഗ്രാഫിക്കൽ സർവ്വേ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കുകയാണ്. |
| (സി) | ഈ സ്ഥലം പ്രയോജനപ്പെടുത്തി എന്തെങ്കിലും പുതിയ പദ്ധതികൾ കൊണ്ടുവരുന്ന വിഷയം വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | കാസർഗോഡ് ബീച്ച് റോഡിൽ മുൻപ് പ്രവർത്തിച്ചിരുന്ന ആസ്ട്രൽ വാച്ചസ് കമ്പനി 2002-ൽ പ്രവർത്തനം നിർത്തലാക്കിയിരുന്നു. പ്രവർത്തനം നിർത്തലാക്കിയ സമയത്ത് 88 ജീവനക്കാർ ഈ സ്ഥാപനത്തിലുണ്ടായിരുന്നു. ജീവനക്കാർക്കെല്ലാം അന്ന് നിലവിലുണ്ടായിരുന്ന സ്വയം വിരമിക്കൽ പദ്ധതിപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. സ്ഥലവും കെട്ടിടങ്ങളും മറ്റ് ആസ്തികളും വ്യാവസായിക വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുവാൻ കെ.എസ്.ഐ.ഡി.സി യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.<br><br>കാസർഗോഡ് KSIDC യുടെ കീഴിലുള്ള 1.99 ഏക്കർ ഭൂമിയിൽ ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഒരു മാതൃക വ്യവസായ സമുച്ചയ കെട്ടിടം നിർമിക്കുന്നതിനുള്ള നടപടികൾ നടന്നു വരുകയാണ്. ഭക്ഷ്യ കാർഷിക ഉത്പന്നങ്ങളുടെ മൂല്യ വർധനവും പാക്കിങ്ങും മറ്റു വ്യവസായങ്ങൾ, സംരംഭങ്ങൾ തുടങ്ങുന്നതിനു അനുയോജ്യമായിട്ടാണ് കെട്ടിടം രൂപ കല്പന ചെയ്യുന്നത്. പ്രസ്തുത ഭൂമിയിൽ ചുറ്റുമതിലിന്റെ നിർമാണം പൂർത്തിയായിട്ടുണ്ട്.<br><br>പദ്ധതിയുടെ നടത്തിപ്പിനായി കിറ്റ്കോയെ പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ് ആയി നിയമിച്ചിട്ടുണ്ട്. നിലവിൽ ടോപ്പോഗ്രാഫിക്കൽ സർവ്വേ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കുകയാണ്. |

സെക്ഷൻ ഓഫീസർ